**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **07-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂരിൽ ലാന്റ് ട്രിബ്യൂണൽ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്കിലെ ജനങ്ങൾക്ക് പട്ടയം പോലുള്ള ഭൂമി സംബന്ധമായ കാര്യങ്ങൾ ഒത്തു തീർപ്പാക്കുന്നതിന് പട്ടാമ്പി വരെ യാത്ര ചെയ്യേണ്ടിവരുന്നതിലുള്ള വൈഷമ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണലിൽ നിലവിൽ ഉണ്ടായിരുന്ന15000 ത്തോളം കേസുകൾ സമയബന്ധിതമായി തീർപ്പാക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി എന്ന പേരിൽ ഒരു ലാൻഡ് ട്രൈബ്യൂണൽ കൂടി സ്ഥാപിച്ചത്. പട്ടാമ്പി എന്ന പേരാണ് ഉള്ളതെങ്കിലും നേരത്തെ പ്രവർത്തിച്ചിരുന്ന ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷനിൽ തന്നെയാണ് പുതിയ ലാൻഡ് ട്രൈബ്യൂണലും നിലവിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ പുതിയ ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിച്ചത് കൊണ്ട് ജനങ്ങൾക്ക് നേരത്തെയുള്ള അവസ്ഥയിൽ നിന്ന് വ്യത്യസ്ഥമായി ബുദ്ധിമുട്ടുകൾ ഒന്നും ഉണ്ടായിട്ടില്ല. |
| (ബി) | ലാന്റ് ട്രിബ്യൂണൽ ഒറ്റപ്പാലത്ത് നിന്നും പട്ടാമ്പിയിലേക്ക് മാറ്റിയതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണലിൽ 15000 ത്തോളം കേസുകളാണ് നേരത്തെ ഉണ്ടായിരുന്നത്. ഈ കേസുകൾ സമയബന്ധിതമായി തീർപ്പാക്കണം എന്ന ഉദ്ദേശത്തോടെയാണ് ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി എന്ന പേരിൽ ഒരു ലാൻഡ് ട്രൈബ്യൂണൽ കൂടി സ്ഥാപിച്ചത്. ജനങ്ങൾക്ക് വരുന്നതിനും പോകുന്നതിനും ഉള്ള സൗകര്യത്തെക്കാളുപരി നിലവിലുണ്ടാ യിരുന്ന കേസുകൾ 7500 വച്ച് രണ്ടായി വിഭജിക്കണം എന്ന ഉദ്ദേശത്തോടെയാണ് അധികാര പരിധി നിശ്ചയിച്ചത്. ഭൂമിശാസ്ത്രപരമായി വിഭജിച്ചാൽ കേസുകളിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുകയും ഉദ്ദേശ്യ ലക്ഷ്യം നിർവ്വഹിക്കാൻ കഴിയാതെ വരും. ആയതിനാലാണ് നിലവിലെ രീതിയിൽ വിഭജനം നടത്തിയത്. |
| (സി) | ആലത്തൂരിൽ ലാന്റ് ട്രിബ്യൂണൽ ഓഫീസ് ഉടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ | (സി) | ലാൻഡ് ട്രൈബ്യൂണലുകൾക്ക് അധികാര പരിധിക്കകത്ത് എത് സ്ഥലത്ത് വച്ചും ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്. ആലത്തൂരിൽ |

| | | | |
|---|---|---|---|
| | പട്ടയം സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനായി ഒരു സിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ? | | ക്യാമ്പ് സിറ്റിംഗ് നടത്താനുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ